**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 525** **13-10-2026-ൽ മറുപടിയ്ക്ക്**

**കണ്ണമ്പ്ര വ്യവസായ പാർക്ക്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. പി. സുമോദ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** കൊച്ചിൻ-ബംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായ കണ്ണമ്പ്ര വ്യവസായ പാർക്കിന്റെ അടിസ്ഥാനസൗകര്യ വികസന പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ?

**മറുപടി:** കൊച്ചി–ബംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോർ (KBIC) പദ്ധതി, ചെന്നൈ–ബംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോറിന്റെ (CBIC) വിപുലീകരണമായി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി രണ്ട് ഇൻഡസ്ട്രിയൽ നോഡുകൾ വികസിപ്പിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ ഒന്നാമത്തെ നോഡായ ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്റേഴ്സ് (IMC), പാലക്കാട് പദ്ധതിയുടെ EPC കരാറുകാരായി M/s. DBL–PSP (JV)-യുമായി 23.10.2025-ന് കരാർ ഒപ്പുവെച്ചിട്ടുണ്ട്.

IMC പാലക്കാട് പദ്ധതിയുടെ കണ്ണമ്പ്ര സൈറ്റിൽ റോഡ്, ഡ്രെയിനേജ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. ആകെ നിർദ്ദേശിച്ചിട്ടുള്ള 8.9 കിലോമീറ്റർ റോഡിൽ ഏകദേശം 7.0 കിലോമീറ്റർ ഭാഗത്തിന്റെ ഫോർമേഷൻ പ്രവൃത്തിയും ഏകദേശം 2.0 കിലോമീറ്റർ ഡ്രെയിനേജ് നിർമ്മാണ പ്രവൃത്തികളും പുരോഗമിച്ചുവരികയാണ്.

പദ്ധതിയുടെ ഭാഗമായി നിർവഹിക്കേണ്ട അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നിശ്ചിത സമയക്രമം പാലിച്ച് 2029 ഏപ്രിൽ മാസത്തോടെ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

**സെക്ഷൻ ഓഫീസർ**